# കേരള അഗ്രികള്‍ച്ചറല് യുണിവേഴ്സിറ്റി വെള്ളാനിക്കര ,കെ എ യു പോസ്റ്റ് ,തൃശൂര്‍,കേരള
## കാസര്‍ഗോഡ്
## പിലിക്കോട്

| | | | |
|---|---|---|---|
| | 0054/2015/1383 | | 02/06/2015 - 06/06/2015 |

:02/06/2015

## കാസര്‍ഗോഡ്

| | (mm) | ($^0$C) | ($^0$C) | (octa) | (%) | (%) | (Kmph) | (deg) |
|---|---|---|---|---|---|---|---|---|
| 03/06 | 0 | 34 | 26 | 5 | 83 | 68 | 12 | 270 |
| 04/06 | 12 | 34 | 26 | 7 | 85 | 67 | 12 | 290 |
| 05/06 | 32 | 34 | 26 | 8 | 86 | 69 | 12 | 290 |
| 06/06 | 51 | 32 | 25 | 8 | 85 | 69 | 12 | 270 |
| 07/06 | 12 | 32 | 25 | 7 | 88 | 73 | 12 | 250 |

| Weather summary of the preceding week | Weather forecast valid |
|---|---|

ആകാശം മേഘാവൃതമായിരിക്കും. ഒറ്റപ്പെട്ട കനത്ത മഴയ്ക്ക് സാധ്യത. കൊപ്ര മുതലായ ഉത്പന്നങ്ങള് വെയിലത്തിട്ട് ഉണക്കുന്നത് ശ്രദ്ധയോടെ വേണം.വൃക്ഷ വിളകള്‍ നട്ടു തുടങ്ങാം. ഒട്ടു തൈകള്‍ നടുമ്പോള് ഒട്ടിച്ച ഭാഗം മണ്ണിനു മുകളില് ആയിരിക്കാന് പ്രത്യേകം ശ്രദ്ധിക്കണം. ഒട്ടിച്ച ഭാഗത്തിന് താഴെ നിന്ന് വരുന്ന മുലകള് നുള്ളിക്കളയണം. തടത്തില് വെള്ളം കെട്ടിക്കിടക്കാതിരിക്കാന്‍ പ്രത്യേകം ശ്രദ്ധിക്കണം.

| | |
|---|---|
| 1 | മൂന്നാം വിള പലയിടത്തും കൊയ്ത്തു തുടരുന്നു.ജലലഭ്യത അനുസരിച്ച് ഒന്നാം വിളയിറക്കാന്‍ സമയമായി. നഴ്സറി തയ്യാറാക്കുന്ന സമയത്ത് ചതുരശ്ര മീറ്ററിനു ചുരുങ്ങിയത് 1കി.ഗ്രാം ഉണക്കിപ്പൊടിച്ച ചാണകം/കമ്പോസ്റ്റ് മണ്ണില്‍ നന്നായി ഇളക്കി ചേര്‍ക്കോണ്ടതാകുന്നു. പൊടിവിത ആണെങ്കില്‍ പാടം ഉഴുന്നതോടൊപ്പം തന്നെ സെന്റിന് 20 കി.ഗ്രാം ജൈവ വളവും 1400 ഗ്രാം കുമ്മായവും ചേര്‍ത്ത് ഇളക്കണം.രോഗബാധ തടയുന്നതിനായി നടുന്നതിന് മുന്പ് വിത്ത് കുമിള്‍ നാശിനിയുമായി (1കി.ഗ്രാം വിത്തിന് 2 ഗ്രാം ‘ബാവിസ്റ്റിന്‍’ അല്ലെങ്കില് ‘സ്യൂഡോമോണാസ്’ എന്ന ജീവാണു 10 ഗ്രാം എന്ന തോതില്‍ കലര്‍ത്തി തയ്യാര് ചെയ്യണം. ചെമ്പ്,നാകം എന്നീ സൂക്ഷ്മ മൂലകങ്ങളുടെ കുറവ് നികത്താന്‍ വിത്ത് സിങ്ക് സള്‍ഫേറ്റ്+ 1/4% കോപ്പര് സള്‍ഫേറ്റ് ലായനിയില് 24 |

| | |
|---|---|
| | മണിക്കൂർ മുക്കിവെച്ച ശേഷം തണലില് ഉണക്കി വിതയ്ക്കുക. |
| 2 | പുതുതായി നടുന്ന തൈകൾക്ക് താങ്ങും തണലും നൽകണം. തെങ്ങിന് വളം ചേർക്കുവാന് സമയമായി. തടം തുറന്ന് തെങ്ങ് ഒന്നിനു 1 കി.ഗ്രാം കുമ്മായം ചേർക്കണം. തുടർന്ന് ഉണക്കിപ്പൊടിച്ച ചാണകം/കമ്പോസ്റ്റ്/പച്ചില വളം (25 കി.ഗ്രാം), മഗ്നീഷ്യം സൾഫേറ്റ് (1/2കി.ഗ്രാം) എന്നിവ ചേർത്ത് കൊടുക്കണം. കുമ്മായം ചേർത്ത് മൂന്നാഴ്ച്ച കഴിഞ്ഞാൽ രാസവളം നൽകിത്തുടങ്ങാം. |
| 3 | ഉണക്ക രോഗം ബാധിച്ച കൊമ്പുകള് മുറിച്ചു മാറ്റി ബോര്ഡോ കുഴമ്പ് പുരട്ടുക. |
| 4 | റോബസ്റ്റ, പൂവൻ, പാളയംകോടന്, എന്നിവ നട്ടു തുടങ്ങാം. നേന്ത്രവാഴത്തോട്ടങ്ങളിൽ ഒടിഞ്ഞുതൂങ്ങി കിടക്കുന്ന ഉണങ്ങിയ ഇലകൾ നീക്കം ചെയ്യേണ്ടതാകുന്നു. നേന്ത്രവഴകള്ക്ക് താങ്ങ് നല്കുവാന് പ്രത്യേകം ശ്രദ്ധിക്കണം. |